**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 991** **31-01-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ കണക്കെടുപ്പിനായുള്ള മാർഗ്ഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാനയും കടുവയുമുൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണങ്ങൾ പകലും രാത്രിയും ഉണ്ടാകുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വന്യമൃഗങ്ങൾ മനുഷ്യവാസ മേഖലകളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചുവരുന്നു. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03.01.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. ടി സമിതികൾ അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശുപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്. കൃഷിയിടങ്ങളിലേക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്.<br><br>കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. |
| (ബി) | വന്യജീവികളുടെ കണക്കെടുപ്പ്, വനം-വന്യജീവി സംരക്ഷണം, വന നിരീക്ഷണം എന്നിവ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ആന, കടുവ എന്നീ വന്യജീവികളുടെ കണക്കെടുപ്പ് കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. വന്യജീവി സംരക്ഷണത്തിനും വനപരിപാലനത്തിനുമായി ഫീൽഡ് പട്രോളിംഗ്, കൈയേറ്റത്തിൽ നിന്നുള്ള സംരക്ഷണം, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, വന്യജീവികളുടെ ആവാസവ്യവസ്ഥപരിപാലനം, സ്വാഭാവിക വനങ്ങളുടെ പുനസ്ഥാപനം (എക്കോ റിസ്റ്റോറേഷൻ), മൊബൈൽ പട്രോളിംഗ്, എക്കോ ഡെവലപ്പ്മെന്റ് കമ്മറ്റികളുമായി ചേർന്നുള്ള പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ എന്നിവ ചെയ്തുവരുന്നു. വന്യജീവി നിരീക്ഷണത്തിനായി റിയൽ ടൈം മോണറ്ററിംങ്ങ് ക്യാമറകൾ സ്ഥാപിച്ചും, ക്യാമറ ട്രാപ്പിംഗ് സങ്കേതമുപയോഗിച്ചും നിരീക്ഷണം നടത്തിവരുന്നു |
| (സി) | വന്യജീവികളുടെ കണക്കെടുപ്പിനായി സ്വീകരിച്ചു വരുന്ന മാർഗ്ഗങ്ങളും അവയുടെ കൃത്യതയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | ആനയുടെ കണക്കെടുപ്പ് പ്രൊജക്റ്റ് എലിഫന്റ് മാർഗ്ഗരേഖ പ്രകാരവും, കടുവയുടെ കണക്കെടുപ്പ് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി പ്രോട്ടോക്കോൾ പ്രകാരവും കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. കടുവ സങ്കേതത്തിൽ ക്യാമറ ട്രാപ്പിംഗ് സങ്കേതമുപയോഗിച്ച് കടുവകളെ നിരീക്ഷണം നടത്തിവരുന്നു. വരയാടുകളുടെ കണക്കെടുപ്പ് എല്ലാ വർഷവും നടത്തി വരുന്നു. ഓരോ ജീവി വിഭാഗത്തിനും വിവിധതരം മാർഗ്ഗങ്ങളാണ് കണക്കെടുപ്പിനായി സ്വീകരിക്കുന്നത്. Block Count, Line Transect Method, Total Count, Capture Re-capture method, Point count എന്നിവയാണ് |

| | | | |
|---|---|---|---|
| | | | സാധാരണയായി വന്യജീവി കണക്കെടുപ്പിന് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ